# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6410

31.10.2011-ൽ
മറുപടിക്ക്.

## കുറ്റ്യാടി നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി കുറ്റ്യാടി കേന്ദ്രമായി ആരംഭിക്കുന്ന നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | (എ) കെ.എസ്.ഐ.ഡി.സി കോഴിക്കോട് ജില്ലയിലെ വേളം വില്ലേജിലെ കുറ്റ്യാടിയിൽ ഒരു നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പാർക്ക് സ്ഥാപിക്കുന്നതിനായി കുറ്റ്യാടിയിൽ 113 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി ഏറ്റെടുക്കുന്നതിനു വേണ്ടി ജില്ലാ കളക്ടർ വില നിർണ്ണയിച്ചതിന് State Level Empowered Committee-യുടെ ശുപാർശയും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് ചെന്നൈ ആസ്ഥാനമായുള്ള കൺസൾട്ടന്റ് ആയ M/s. Mahindra Consulting Engineers Ltd. ആണ്. റിപ്പോർട്ടിന്റെ ആദ്യ ഭാഗം ലഭിച്ചു കഴിഞ്ഞു. രണ്ടാമത്തെ ഭാഗം കൺസൾട്ടന്റ് ഉടൻ തന്നെ സമർപ്പിക്കുന്നതാണ്. ഈ പദ്ധതിക്ക് ഇതുവരെ കേരള സർക്കാരിൽ നിന്ന് 5.02 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ഈ പദ്ധതിക്ക് 2011-2012 ൽ സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) നാളികേര പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ? | (ബി) നാളികേര പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി കേരള സർക്കാരിന്റെ അനുമതിയോടുകൂടി പി.പി.പി രീതിയിൽ ''കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് ലിമിറ്റഡ്'' എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് 27.01.2011-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കമ്പനിയുടെ അംഗീകൃത മൂലധനം 500 ലക്ഷം രൂപയാണ്. ഇതിൽ 50% ഓഹരി കെ.എസ്.ഐ.ഡി.സി-യും കോക്കനട്ട് ഡെവലപ്മെന്റ് ബോർഡും, ബാക്കി 50% സഹകരണ ബാങ്ക്, സ്വകാര്യ നിക്ഷേപകർ മുതലായവയിൽ നിന്നും നിക്ഷേപിക്കാനാണ് |

ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായവും ധനസഹായവും കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിൽ നിന്നും ലഭിക്കുവാൻ തത്ത്വത്തിൽ തീരുമാനമായിട്ടുണ്ട്. ഇതു കൂടാതെ കുറ്റ്യാടിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ഓഫീസ് സജ്ജമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു പ്രോജക്ട് എക്സിക്യൂട്ടീവിനെ നിയമിക്കുന്ന--തിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ